**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **28-01-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം രാജ്യാന്തര തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം രാജ്യാന്തര തുറമുഖം വാണിജ്യ പ്രവർത്തനം ആരംഭിച്ചതിനുശേഷം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് അറിയിക്കുമോ; | (എ) | വിഴിഞ്ഞം തുറമുഖം ഓപ്പറേഷൻ ആരംഭിച്ചതിന് ശേഷം 670-ലധികം കപ്പലുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 40-ലധികം Ultra Large Container Vessels (ULCVs) ഉൾപ്പെടുന്നു. 2025 ഡിസംബർ വരെ തുറമുഖം 14.35 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു.<br><br>നിലവിൽ തുറമുഖം സ്ഥാപിത ശേഷിയുടെ 131% വർദ്ധിത ശേഷിയിലാണ് പ്രവർത്തിക്കുന്നത്. ഇത് ഒരു പുതുതായി ആരംഭിച്ച Greenfield Port-ന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽ തന്നെ തുറമുഖം 10 ലക്ഷം TEU എന്ന മൈൽസ്റ്റോൺ പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവെച്ചിട്ടുണ്ട്.<br><br>തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയിലേക്ക് നേരിട്ടുള്ള കണക്ടിവിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കു ന്നത്. ഇവിടെ State-of-the-art automated cranes ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പിക്കുന്നതിനും ഉപയോഗിക്ക പ്പെടുന്നു.<br><br>ദേശീയ തലത്തിൽ നിരവധി റെക്കോർഡു കൾ വിഴിഞ്ഞം തുറമുഖം സ്വന്തമാക്കിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC Irina-യുടെ ബർത്തിംഗ്, അതോടൊപ്പം |

| | | | |
|---|---|---|---|
| | | | ഏറ്റവും വലിയ deepest-draft കണ്ടെയ്നർ കപ്പലായ MSC Verona-യുടെ ബർത്തിംഗ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. കൂടാതെ, ഒരു കപ്പലിൽ നിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു. |
| (ബി) | ട്രാൻസ്ഷിപ്പ്മെന്റിനൊപ്പം ഗേറ്റ് വേ ചരക്ക് നീക്കം സാധ്യമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള ട്രാൻസ്ഷിപ്പ്മെന്റിനൊപ്പം ഗേറ്റ് വേ ചരക്ക് നീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നയപരവും ആസൂത്രണപരവുമായ നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.<br><br>ഔട്ടർ റിംഗ് റോഡ്, ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, വിഴിഞ്ഞം–പുനലൂർ–കൊല്ലം വളർച്ചാ ത്രികോണം തുടങ്ങിയ പദ്ധതികൾക്ക് പ്രാഥമിക അനുമതികൾ ലഭിക്കുകയും നടപ്പാക്കൽ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, CFS, വെയർഹൗസുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, FTWZ തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യ ങ്ങൾ സ്ഥാപിക്കുന്നതിനായി VISL ഭൂമി കണ്ടെത്തൽ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.<br><br>IOCL, Container Corporation of India, Central Warehousing Corporation തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ തുറമുഖത്തോട് ചേർന്ന് ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്.<br><br>വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയവ പൂർണമായി വിപുലപ്പെട്ട ഘട്ടത്തിലേക്ക് ഇനിയും കടക്കാനു ണ്ടെങ്കിലും, ഒന്നാം ഘട്ടത്തിൽ തന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ–ലോജിസ്റ്റിക് മാരിടൈം വ്യവസായ മേഖലയാക്കി മാറ്റുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള ശക്തമായ അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപാന്തരീ ക്ഷവും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതി പ്രകാരം എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | 2015 ഓഗസ്റ്റ് 17-ന് കേരള സർക്കാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പിട്ട കരാറായ “Concession Agreement” പ്രകാരം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ II, III, IV ഘട്ടങ്ങൾ 2045-നകം അല്ലെങ്കിൽ തുറമുഖ ത്തിന്റെ നിലവിലെ ശേഷിയുടെ 75% തുടർച്ചയായി മൂന്ന് വർഷം കൈകാര്യം ചെയ്യാൻ സാധ്യമായാൽ (ഇവയിൽ ഏത് വേഗത്തിൽ സംഭവിച്ചാലും ആ |

സമയത്തേക്ക്) അതിന് ശേഷം 5 വർഷത്തിനുള്ളിൽ എന്ന വ്യവസ്ഥയിൽ വികസിപ്പിക്കാനായിരുന്നു വിഭാവനം ചെയ്തിരു ന്നത്

എന്നാൽ, വിഴിഞ്ഞം ഒരു പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി വളരുന്നതിന്റെ സൂചനയായ ശക്തമായ ട്രാഫിക് വളർച്ചയും തന്ത്രപരമായ പ്രാധാന്യവും കണക്കിലെടുത്തു കൊണ്ടാണ് കേരള സർക്കാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് - മായി Supplementary Concession Agreement (2024 നവംബർ 28-ന്) ഒപ്പിട്ടത്.

കരാർ പ്രകാരം II, III, IV ഘട്ടങ്ങൾ സംയോജിപ്പിച്ച Capacity Augmentation ഘട്ടമായി മുന്നോട്ട് കൊണ്ടു പോകാനും നടപ്പിലാക്കാനും തീരുമാനിച്ചത്. ഈ തീരുമാനം മൂലം പദ്ധതിയുടെ പൂർണ്ണ വികസന കാലപരിധി 17 വർഷം നേരത്തെയാക്കാൻ സാധിക്കുന്നു. അതനുസരിച്ച് പൂർത്തീകരണം 2028 ഡിസംബറിലേക്കാണ് ലക്ഷ്യമിടുന്നത്.

തുടർ ഘട്ടങ്ങളുടെ വികസനത്തിന്റെ ഭാഗമായി, നിലവിലെ 800 മീറ്റർ കണ്ടെയ്നർ ബെർത്ത് 2000 മീറ്റർ ആയി വികസിപ്പിക്കുന്നു. അതേപോലെ, നിലവിലുള്ള 2.96 കിലോമീറ്റർ പുലിമുട്ട് കുറഞ്ഞത് 920 മീറ്റർ കൂടി നിർമ്മിച്ച്, 3.88 കിലോമീറ്റർ ആയി വർധിപ്പിക്കുന്നു. കണ്ടെയ്നർ യാർഡിനായി ഏകദേശം 50 ഹെക്ടർ ഭൂമി കടൽ നികത്തി വികസിപ്പിക്കുന്നു. തുടർ ഘട്ട വികസനത്തിന്റെ ഭാഗമായി തുറമുഖത്തിൽ കൂടുതൽ യന്ത്രോപക രണങ്ങൾ സ്ഥാപിക്കുകയും ആധുനിക ഓട്ടോമേഷൻ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

നിലവിലുള്ള 8 Ship-to-Shore (STS) ക്രെയിനുകൾക്ക് പുറമേ 12 പുതിയ Ship-to-Shore ക്രെയിനുകൾ സ്ഥാപിക്കുന്നു. ഇതോടൊപ്പം, നിലവിലുള്ള 24 യാർഡ് ക്രെയിനുകൾക്ക് പുറമേ 27 പുതിയ യാർഡ് ക്രെയിനുകൾ കൂടി സ്ഥാപിക്കുന്നതാണ്. ഈ ക്രെയിനുകളുടെ എണ്ണത്തിലുള്ള വർധനയും ഓട്ടോമേഷൻ സംവിധാനവും തുറമുഖത്തിന്റെ പ്രവർത്തനക്ഷമ തയെ ഗണ്യമായി ഉയർത്തും.

തുറമുഖത്തിന്റെ ഒന്നാം ഘട്ടം 24,000 TEU വരെ ശേഷിയുള്ള ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ വികസിപ്പിച്ചിരിക്കുന്നു. എന്നാൽ തുടർ ഘട്ടങ്ങൾ പൂർത്തിയായാൽ, ഭാവിയിൽ വരാൻ സാധ്യതയുള്ള 28,000 TEU ശേഷിയുള്ള പുതുതലമുറ കണ്ടെയ്നർ

| | | | |
|---|---|---|---|
| | | | കപ്പലുകളും കൈകാര്യം ചെയ്യാൻ തുറമുഖം സജ്ജമാകും.<br><br>തുടർ ഘട്ടങ്ങൾ പൂർത്തിയായാൽ, 5 മദർ ഷിപ്പുകൾ വരെ തുറമുഖത്തിൽ ഒരേ സമയം കൈകാര്യം ചെയ്യാൻ സാധിക്കും. അതുപോലെ തന്നെ 2 കിലോമീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്ത് ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കണ്ടെയ്നർ ബെർത്ത് ഉള്ള ചുരുക്കം തുറമുഖങ്ങളിൽ ഒന്ന് എന്ന നേട്ടം വിഴിഞ്ഞം തുറമുഖം സ്വന്തമാക്കും.<br><br>തുറമുഖത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം TEU-യിൽ നിന്ന് 30 ലക്ഷം TEU ആയി വർധിക്കും. കൂടുതൽ ക്രെയിനുകൾ, ആധുനിക ഓട്ടോമേഷൻ, ഉയർന്ന ഓപ്പറേഷണൽ കാര്യക്ഷമത എന്നിവ കൈവരിക്കുന്നതിലൂടെ, തുറമുഖത്തിന് പ്രതിവർഷം 57 ലക്ഷം TEU വരെ കൈകാര്യം ചെയ്യാൻ കഴിയും.<br><br>ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഏകദേശം ₹8,800 കോടി ചെലവാണ് പ്രതീക്ഷിച്ചിരുന്നത്. ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ഏകദേശം ₹10,000 കോടി ചെലവ് പ്രതീക്ഷിക്കുന്നു. ഇത് കൺസെഷനയർ (Concessionaire) ആയ അദാനി കമ്പനി മുടക്കുന്നതാണ് ഇതോടെ, പദ്ധതിയുടെ മൊത്തം നിക്ഷേപം ഏകദേശം ₹18,000 കോടി ആയി ഉയരും. |

സെക്ഷൻ ഓഫീസർ